പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **215**

09.06.2014 ൽ മറുപടിയ്ക്ക്

**നിലമ്പൂർ കൊലപാതകം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | രാധയുടെ മരണം കൊലപാതകമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും പ്രതിചേർത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | രാധയുടെ മരണം കൊലപാതകമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ കേസിൽ ബഹു. കേരള ഊർജ്ജവകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായ ബിജുവിനെ ഒന്നാം പ്രതിയായും ഷംസുദീൻ എന്നയാളെ രണ്ടാം പ്രതിയായും ചേർത്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഭരണകക്ഷിയുടെ ആഫീസിൽ നടന്നുവെന്ന് കരുതപ്പെടുന്ന കൊലപാതകത്തിൽ ഉന്നതർക്ക് പങ്കുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | രാധയുടെ കൊലപാതകത്തിൽ ഉന്നതർക്ക് പങ്കുണ്ടെന്ന് ആരോപിച്ചുകൊണ്ടുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ജനങ്ങളുടെ ഇക്കാര്യത്തിലുള്ള ആശങ്ക ദൂരീകരിക്കാൻ സി.ബി.ഐ. പോലുള്ള കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഈ കേസിന്മേൽ അന്വേഷണം നടത്തുകയും അന്വേഷണാനന്തരം രണ്ട് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകയാൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ